"ഭരണഭാഷ - മാതൃഭാഷ"

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി :19.09.2018

ജി2-12156/2018

# സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് - പ്രളനാനന്തര തീവ്ര ശുചീകരണ പ്രവർത്തനങ്ങൾ - പ്രവർത്തന കലണ്ടർ - സംബന്ധിച്ച്.

സൂചന:

*******

സംസ്ഥാനം അഭിമുഖീകരിച്ച രൂക്ഷമായ പ്രളയകെടുതിയുടെ പശ്ചാത്തലത്തിൽ പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളുടെ തുടർച്ചയായി സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 2 വരെ നടത്തേണ്ട തീവ്ര ശുചീകരണ പ്രവർത്തനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. മാലിന്യസംസ്കരണം, മാലിന്യം പുനചംക്രമണത്തിന് കൈമാറുക, ജലാശയങ്ങൾ, തോടുകൾ, നദികൾ എന്നിവിടങ്ങളിൽ നിലവിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളാണ് മേൽപ്പറഞ്ഞ കാലയളവിലെ പ്രവൃത്തികൾ പ്രധാനമായും ലക്ഷ്യമിടുന്നത്.
2. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കാതിരിക്കുന്നതിനും ജലാശയതീരത്തുള്ള മാലിന്യം നീക്കം ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടി സ്വീകരിക്കുകയും ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
3. മാലിന്യം വലിച്ചെറിയുന്ന ശീലം മാറ്റുന്ന രീതിയിൽ വീടും പരിസരവും വൃത്തിയാക്കുന്നതോടൊപ്പം കൊതുക് വളരാനുള്ള സാഹചര്യം ഇല്ലായെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. ഇതിലൂടെ ജന്തുജന്യ രോഗങ്ങളും പകർച്ചവ്യാധികളും തെരുവുനായ്ക്കളുടെ ശല്യവും ഒഴിവാക്കാൻ കഴിയുന്നതാണ്.

4. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് സ്ഥാപന മേധാവികൾക്ക് പ്രത്യേക നിർദ്ദേശം നൽകേണ്ടതും നവംബർ 1 ന് മുഴുവൻ സർക്കാർ ഓഫീസുകളും ഗ്രീൻ പ്രോട്ടോക്കോളിലേക്ക് മാറ്റുന്നതിനുള്ള ക്യാമ്പയിൻ ശക്തമാക്കേണ്ടതുമാണ്.
5. ഹരിത കേരള മിഷനും, പൊതുവിദ്യാഭ്യാസവകുപ്പും സംയുക്തമായി നടത്തിവരുന്ന ഹരിതോത്സവം പരിപാടിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ വിദ്യാലയങ്ങളിൽ മാലിന്യം തരം തിരിക്കുന്നതിനുള്ള പ്രവൃത്തനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
6. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനം തയ്യാറാക്കുന്ന കർമ്മ പരിപാടിക്ക് അനുസൃതമായി വാർഡ് ശുചിത്വ ആരോഗ്യ സമിതികളുടെ യോഗം ചേരേണ്ടതും വാർഡ്തല പ്രവർത്തനപരിപാടി തയ്യാറാക്കൽ ശുചീകരണ ടീം തയ്യാറാക്കൽ, മാലിന്യം തരംതരിച്ച് സംഭരിക്കാനുള്ള സ്ഥലങ്ങൾ കണ്ടെത്തൽ എന്നീ പ്രവർത്തനങ്ങൾക്കുള്ള സ്ഥലങ്ങൾ, ചുമതലകൾ, എന്നിവ നിശ്ചയിക്കേണ്ടതും അനുബന്ധമായി ചേർത്തിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ പരിപാടി ഗ്രാമ പഞ്ചായത്ത് തലത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും ജില്ലാതലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ഏകോപിപ്പിക്കേണ്ടതും ഓരോ ദിവസത്തെയും പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ച് അതാത് ദിവസം 5 മണിക്ക് മുമ്പായി directorpanchayat.gsection@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. റിപ്പോർട്ട് നിർബന്ധമായും യൂണികോഡിൽ തയ്യാറാക്കി Ms Word/Libre Office ഫോർമാറ്റിലും PDF ആയും അയച്ച് നൽകേണ്ടതാണ്.

എച്ച്. ദിനേശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

## തീവ്ര ശുചീകരണ പരിപാടി

<u>പ്രവർത്തന കലണ്ടർ</u>

| | | | |
|---|---|---|---|
| 1. | 22.09.2018, 23.09.2018 | അയൽക്കൂട്ട യോഗങ്ങളിൽ തരംതിരിച്ച് സംസ്കരണം എന്ന സന്ദേശം ചർച്ച ചെയ്യണം. | ശനി, ഞായർ ദിവസങ്ങളിൽ ചേരുന്ന അയൽക്കൂട്ട യോഗങ്ങളിൽ മുഴുവൻ വീടുകളിലും തരംതിരിച്ച് പനഃചംക്രമണത്തിനായി കൈമാറുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിന് സഹായകരമാണ്. |
| 2 | 25.09.2018 | തദ്ദേശ സ്വയംഭരണ സ്ഥാപനതല ഹരിത കേരളം മിഷൻ യോഗം (തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ ഗ്രീൻ പ്രോട്ടോക്കോൾ, തീവ്ര ശുചീകരണം എന്നിവ ചർച്ച ചെയ്ത് തീരുമാനമെടുക്കണം.) | നഗരസഭാ കൗൺസിലുകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും ഔദ്യോഗിക പരിപാടിയായി മാറ്റുന്നതിനും പഞ്ചായത്തുതല മിഷൻ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഈ യോഗം ചേരുന്നത് ഗുണകരമാണ്. |
| 3. | 25.09.2018 | വാർഡ് ശുചിത്വ ആരോഗ്യ സമിതികളുടെ വിപുലമായ യോഗം ചേർന്ന് ശുചീകരണത്തിനുള്ള പരിപാടി തയ്യാറാക്കൽ (തദ്ദേശ സ്വയംഭരണ സ്ഥാപനം തയ്യാറാക്കുന്ന കർമ്മപരിപാടിക്ക് വാർഡുതല പ്രായോഗിക പ്രവർത്തന പരിപാടി തയ്യാറാക്കൽ, ശുചീകരണ ടീം തയ്യാറാക്കൽ, മാലിന്യം തരം തിരിച്ച് സംഭരിക്കാനുള്ള സ്ഥലങ്ങൾ കണ്ടെത്തൽ, തുടർന്നുള്ള ദിവസങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങൾ, സ്ഥലങ്ങൾ, ചുമതലകൾ നിശ്ചയിക്കൽ. | പ്രാദേശികാടിസ്ഥാനത്തിലുള്ള ജന പങ്കാളിത്തത്തോടെയുള്ള വിഭവ സമാഹരണത്തിനും അയൽക്കൂട്ടം വരെയുള്ള പ്രദേശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും തീവ്ര ശുചീകരണ പരിപാടിയിൽ നടത്തേണ്ട പ്രവർത്തനങ്ങൾക്ക് മുൻഗണന നിശ്ചയിക്കുന്നതിനും ഇത് സഹായകരമാണ്. |
| 4. | 26.09.2018 | ജലാശയങ്ങളിലെ മാലിന്യങ്ങൾ ശേഖരിച്ച് തരം തിരിച്ച് സംഭരിച്ച് കൈമാറണം. | ജലാശയങ്ങളിലെ മാലിന്യം ഒരു ക്യാമ്പയിനായി നീക്കം ചെയ്യുന്നതോടൊപ്പം ജലാശയങ്ങളിൽ മാലിന്യം എത്തിച്ചേരുന്ന മാർഗ്ഗങ്ങൾ കണ്ടെത്തി അവ ഉറവിടത്തിൽ തന്നെ സംസ്കരിക്കുകയോ, പുനഃചംക്രമണത്തിന് കൈമാറുകയോ ചെയ്യുന്നതിന് നടപടികളും സ്വീകരിക്കണം. |
| 5. | 27.09.2018 | സ്കൂൾ അസംബ്ലികൾ ചേരണം. തരം തിരിക്കൽ പ്രധാന സന്ദേശം, ജൈവ മാലിന്യം സ്വന്തം വീട്ടിലും, തൊട്ടടുത്ത വീട്ടിലും കമ്പോസ്റ്റ് ചെയ്യൽ, വൈകുന്നേരം സ്കൂൾ വൃത്തിയാക്കൽ. | ഹരിത കേരളം മിഷനും പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തുന്ന ഹരിതോത്സവം പരിപാടിയായി നടത്തണം. പൊതു വിദ്യാഭ്യാസ സെക്രട്ടറി മുഖേന അറിയിപ്പ് നൽകണം. മാലിന്യം തരം തിരിക്കുന്ന പ്രക്രിയ ശീലമാക്കി മാറ്റുന്നതിനും വീട്ടിലും സ്കൂളിലും ഇത് ശീലിക്കുന്നതിനും സ്കൂൾതലം മുതൽ പ്രവർത്തനങ്ങൾ ആരംഭിക്കണം. ശുചിത്വ ഓഡിറ്റിംഗും തരം തിരിക്കുന്ന രീതികളും കുട്ടികൾ സ്വായത്തമാക്കണം. |

| | | | |
|---|---|---|---|
| 6. | 28.09.2018, 29.09.2018 | മാർക്കറ്റുകൾ, പൊതു സ്ഥലങ്ങൾ, നീർച്ചാലുകൾ വൃത്തിയാക്കുന്നതിനുള്ള നടപടികൾ. | മാർക്കറ്റുകളിലും പൊതു സ്ഥലങ്ങളിലും നിലവിലുള്ള മാലിന്യം ക്യാമ്പയിനായി നീക്കം ചെയ്യുകയും മാലിന്യ സംസ്കരണത്തിന് സ്ഥിരം സംവിധാനങ്ങൾ ഉണ്ടാക്കുകയും വേണം. |
| 7. | 30.9.2018 | വീടുകൾ, അയൽക്കൂട്ടങ്ങൾ വൃത്തിയാക്കൽ, ഡ്രൈഡേ ആചരിക്കൽ | വലിച്ചെറിയുന്ന ശീലം മാറ്റുന്ന രീതിയിൽ വീടും പരിസരവും വൃത്തിയാക്കുന്നതോടൊപ്പം കൊതുകു വളരാനുള്ള സാഹചര്യങ്ങൾ ഇല്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. ഇതിലൂടെ ജന്തുജന്യ രോഗങ്ങളും പകർച്ച വ്യാധികളും തെരുവു നായ്ക്കളുടെ ശല്യവും ഒഴിവാക്കാൻ കഴിയും. മാലിന്യങ്ങൾ വലിച്ചെറിയാനുള്ള തല്ലെന്നും അവ തരം തിരിച്ച് സൂക്ഷിച്ച് കൈമാറുകയോ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുകയോ വേണമെന്ന അവബോധം സൃഷ്ടിക്കാൻ ക്യാമ്പയിന് കഴിയണം. |
| 8. | 01.10.2018 | അംഗൻവാടികൾ, സ്ഥാപനങ്ങൾ, ആശുപത്രികൾ വൃത്തിയാക്കണം | അംഗൻവാടികൾ, സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവ വൃത്തിയാക്കുന്നതിലൂടെ ശുചീകരണത്തിന്റെ പ്രാധാന്യം ഒരു വലിയ ജന സമൂഹത്തിൽ എത്തിക്കാൻ കഴിയും. അതോടൊപ്പം ഇവിടെയുള്ള മാലിന്യങ്ങൾ വലിച്ചെറിയാതെ തരം തിരിച്ച് കൈമാറുകയും ജൈവ മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കുന്ന സംവിധാനം ഉണ്ടാക്കുകയും വേണം. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരം തിരച്ച് ശേഖരിക്കുന്നതിനുള്ള ബിന്നുകൾ ഇതിന്റെ ഭാഗമായി സ്ഥാപിക്കണം. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന്റെ തുടക്കമായി ഈ പ്രവർത്തനം മാറണം. |
| 9. | 02.10.2018 | ഹരിതചട്ടം പാലനം - പ്രത്യേക യോഗം ജന പ്രതിനിധികൾ, സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, വ്യാപാരി സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവയുടെ പങ്കാളിത്തം ഉറപ്പാക്കണം. ഹരിത ചട്ട പാലനം, മാലിന്യം വലിച്ചെറിയൽ, നിയമ നടപടികൾ ചർച്ച ചെയ്യണം. ഈ സെമിനാറിലേയ്ക്ക് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഓരോ റിസോഴ്സ് പേഴ്സനെ നിശ്ചയിക്കണം. ഇതിലേക്കായി ഡി.ഡി.പി., ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, തൊഴിലുറപ്പ് മിഷൻ, കുടുംബശ്രീ, നഗരസഭ, എന്നിവരുടെ പ്രതിനിധികൾ ഒന്നിച്ചിരുന്ന് തീരുമാനിക്കണം. | ശുചീകരണത്തിന്റെയും മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുന്നതിന്റെയും പ്രാധാന്യം പൊതു ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതോടൊപ്പം ഹരിതചട്ട പാലന ജനകീയമാക്കുന്നതിനും നിയമ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനും കഴിയണം. പഞ്ചായത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലും ചടങ്ങു കളിലും നടപ്പിലാക്കുന്നതിന്റെ തുടക്കമായി ഈ സെമിനാർ മാറണം. തുടർന്നുള്ള ഒരുമാസക്കാലം ഇതിൽ കേന്ദ്രീകരിച്ച പ്രവർത്തനം നടത്തുകയും നവംബർ 1 ന് സമ്പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്ന പഞ്ചായത്തായി/നഗരസഭയായി മാറുന്ന തരത്തിൽ തുടർ പ്രവർത്തനം ആസൂത്രണം ചെയ്യണം. |